# ‘ദയാലുവും കാരുണ്യവാനുമായ ദൈവം’

## നെഹമ്യാവ് 9:30-31

**“ഏറെ വർഷങ്ങൾ അങ്ങ് അവരോട് സഹിഷ്ണുത കാട്ടി, അങ്ങയുടെ ആത്മാവിനാൽ അവിടുത്തെ പ്രവാചകന്മാരിലൂടെ അവർക്കു മുന്നറിയിപ്പു നൽകി; എന്നിട്ടും അവർ ശ്രദ്ധിച്ചില്ല. അതുകൊണ്ട് അങ്ങ് അവരെ ദേശത്തെ ജനതകളുടെ കൈയിൽ ഏൽപ്പിച്ചു; എങ്കിലും, അവിടുത്തെ മഹാദയയാൽ അവരെ മുഴുവനായി നശിപ്പിക്കുകയോ തള്ളിക്കളയുകയോ ചെയ്തില്ല; അങ്ങ് ദയാലുവും കാരുണ്യവാനുമായ ദൈവമല്ലോ”**

ദൈവവത്തിനു യിസ്രായേൽമക്കളോടുള്ള അഗാധമായ സ്നേഹത്തിന്റെ പൊരുളിനെയാണീ വാക്യത്തിൽ വ്യക്തമാക്കുന്നത്. ഒരു അപ്പൻ തന്റെ മക്കളെ ശാസിച്ച് വളർത്തുന്നതുപോലെ തന്നോട് മത്സരിച്ചിട്ടും തന്റെ മഹാദയയും കരുണയും മൂലം അവരെ ശത്രുവിൻ കരങ്ങളിൽ നിന്ന് രക്ഷിക്കുന്ന പിതാവാം ദൈവം. തൊട്ടുമുൻപുള്ള വാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് കാണാം നിരന്തരം തന്നോട് മത്സരിച്ചിട്ടും അവരോട് അനേകം പ്രാവശ്യം ക്ഷമിക്കുവാനുള്ള ഒരു മനസുള്ളവനായ ദൈവം. പ്രവാചകന്മാർ മുഖാന്തരം നിരവധി പ്രവചനങ്ങളും അറിയിപ്പുകളും കൊടുത്തിട്ടും മറുതലിപ്പോടു കൂടി ദൈവത്തെ നേരിട്ട യിസ്രായേല്യരെ ഒടുവിൽ ആ രാജ്യത്തെ ജനതയുടെ കൈയ്യിൽ തന്നെ ഏൽപ്പിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. ഇത് അവരെ തകർക്കുന്നതിനു വേണ്ടിയായിരുന്നില്ല മറിച്ച് അവരെ തന്റെ അടുക്കലേക്ക് വീണ്ടും കടത്തിക്കൊണ്ടു വരുന്നതിനു വേണ്ടിയായിരുന്നു.

31-ാ൦ വാക്യത്തിൽ നാം വായിക്കുന്നു അവരെ മുഴുവനായി നശിക്കുവാൻ തള്ളിക്കളഞ്ഞില്ല എന്ന്, കാരണം അവൻ മഹാദയാലുവും കരുണയും ഉള്ളവനാണ്. ദൈവം ആഗ്രഹിക്കുന്നത് ഏവരും അവന്റെ അടുക്കലേക്ക് മടങ്ങിച്ചെല്ലുവാനായിട്ടാണ്. അതിനുവേണ്ടി ചിലപ്പോൾ അവൻ നമ്മെ ചില ബാലശിക്ഷകളിലൂടെ കടത്തിക്കൊണ്ടുപോയെന്നിരിക്കും. അത് അവനു നമ്മോടുള്ള നിർവ്യാജ സ്നേഹത്തെ കാണിക്കുന്നു. എബ്രായർ 12:6-ൽ ഇപ്രകാരം പറയുന്നു, “കർത്താവു താൻ സ്നേഹിക്കുന്നവനു ശിക്ഷണം നൽകുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും അടിക്കുന്നു.” പക്ഷെ നാം അതു വക വെയ്ക്കാത തന്നിഷ്ടക്കാരായി മാറുകയാണെങ്കിൽ നമ്മെ നേർവഴി കൊണ്ടുവരാൻ വേണ്ടി അവൻ ചില ശിക്ഷണങ്ങളൊക്കെ നൽകിയെന്നിരിക്കും. അതു നാം അവനിൽ പൂർണ്ണമായി സമർപ്പിച്ച് ജീവിതം മുന്നോട്ട് നയിക്കുന്നതിന്നു വേണ്ടിയാണ്.

എബ്രായർ 12:2–ൽ പറയുന്നു “വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കാം. അവിടുന്ന് തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അവഗണിച്ച് ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.”

നമ്മുടെ ജീവിതം യേശുവിനെ നോക്കിയായിരിക്കണം. അങ്ങിനെ ചെയ്യുകവഴി നമ്മുടെ ജീവിതമാകുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ; അത് ഏത് പ്രതികൂലമോ, പ്രശ്നങ്ങളോ, പ്രതിസന്ധിയോ ആയിക്കൊള്ളട്ടെ, നാം അവനിലേക്ക് നേർവഴി ചെന്നെത്തുവാൻ ഇടയായിത്തീരും. ദൈവസന്നിധിയിൽ മറുതലിപ്പുകാരായി ജീവിതം കഴിച്ചുകൂട്ടാതെ ദൈവത്തോടൊത്തുള്ള ഒരു വാസം നമുക്ക് വിഭാവനം ചെയ്യാം. അത് നാം ദിനംപ്രതി നമ്മുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറഞ്ഞ് കഴുകൽ പ്രാപിച്ച് വളരെ അച്ചടക്കത്തോടെയുള്ള ഒരു ജീവിതമായിരിക്കണം. 1 യോഹന്നാൻ 1:9–ൽ പറയുന്നു “നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും അത്രേ.”

അങ്ങിനെയെങ്കിൽ ഇന്നു നമുക്ക് ഒരു തീരുമാനമെടുക്കാം, എന്റെ ജീവിതം ദൈവത്തോടുള്ള മറുതലിപ്പിന്റെയും, പാപത്തിന്റെയും, കുറ്റങ്ങളുടെയും, കുറവുകളുടെയും ഒരു പാനപാത്രമായിരുന്നു എന്നാൽ ദൈവം മഹാദയാലുവും കരുണയുള്ളവനുമാകയാൽ എന്നെ ഈ വചനത്താൽ വീണ്ടും അവനിലേക്ക് അടുപ്പിക്കുന്നു. ആ അടുപ്പം ഒട്ടും കുറയാതെ കാത്തുസൂക്ഷിക്കുവാനും ഇനി എന്റെ ജീവിതം എന്റെ കർത്താവും രക്ഷിതാവുമായ യേശുവിനെ നോക്കിയുള്ളതായിരിക്കും എന്നുമുള്ള ഒരു ഉറപ്പ് ജീവിതത്തിൽ നേടാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എബ്രായർ 12:1

“അതുകൊണ്ട് സാക്ഷികളുടെ ഇത്ര വലിയോരു സംഘം നമ്മെ ചുറ്റി നിൽക്കുന്നതിനാൽ സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട്, നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം:’’

ബ്രദർ ബിനു ബേബി ആലപ്പുഴ 047